No. CEE/3600/ KEAM-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കീം–2021

## CAPE–ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെയും മക്കൾക്കുള്ള പ്രത്യേക സംവരണം അപേക്ഷ സമർപ്പിക്കുന്നതിന് അവസരം

സംസ്ഥാനത്തെ കോ–ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിൽ 35% മാനേജ്മെന്റ് ക്വാട്ടാ സീറ്റുകളിലെ 10% സീറ്റുകൾ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ– ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ ബാങ്കുകൾ/ മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചുകൊണ്ട് സ.ഉ(സാധാ)നം.344/2018/Co-op തീയതി 30.05.2018 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ പറഞ്ഞ സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP -2021) പ്രവേശന പരീക്ഷാ കമ്മിഷണർ അലോട്ട് ചെയ്യുന്നതാണ്. ഇത്തരം സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന അപേക്ഷകർ അവർ സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയോ, രജിസ്ട്രാർ ഓഫ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ/ബാങ്കുകൾ/മററ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയോ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ മക്കളാണെന്ന് തെളിയിക്കുന്ന നിശ്ചിത പ്രൊഫോർമയിലുള്ള സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. **പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM-2021. Candidate Portal' ൽ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് 'Apply for CB-CAPE' എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് നിർദ്ദേശാനുസരണം ഡോക്യുമെന്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. 2021 ഒക്ടോബർ 6 (ബുധനാഴ്ച) വൈകുന്നേരം 5 മണി** വരെ മേൽ വെബ്സൈറ്റിൽ പ്രസ്തുത സൗകര്യം ലഭ്യമാകുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2525300**

തിരുവനന്തപുരം
03.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**